# കേരള ഉൾനാടൻ ഫിഷറി ബിൽ 2010 (ഡ്രാഫ്റ്റ്)
# പരിഷ്ക്കരിക്കുന്നതിനുള്ള ശുപാർശകൾ

1. കേരള ഉൾനാടൻ ഫിഷറി ബിൽ 2010 എന്ന പേര് ഉചിതമല്ല. പകരം കേരള ഉൾനാടൻ 'ഫിഷറീസ് ബിൽ' എന്നോ, 'കേരളാ ഉൾനാടൻ മത്സ്യമേഖലാ സംരക്ഷണ പരിപാലന നിയന്ത്രണ നിയമം' എന്നോ, മാറ്റണമെന്ന് ശുപാർശ ചെയ്യുന്നു. കൂടുതൽ സമഗ്രമായ ഒരു കാഴ്ചപ്പാടുണ്ടാക്കാൻ ഇത് സഹായിക്കും.
2. ബില്ലിന്റെ പീഠികയിൽ ബിൽ എന്തിനുവേണ്ടിയാണ് എന്ന് വ്യക്തമാക്കേണ്ടതുണ്ട്. ഇതിന്റെ ഊന്നൽ മത്സ്യബന്ധന നിയന്ത്രണത്തിലാണുള്ളത്. അതോടൊപ്പം തന്നെ മത്സ്യസമ്പത്തിന്റെ വർദ്ധനവിനും ആവാസ വ്യവസ്ഥയുടെ സംരക്ഷണത്തിനും ഊന്നൽ നൽകണം.

## അദ്ധ്യായം I

ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും വിവരിക്കുന്ന ഭാഗങ്ങളിൽ ഒട്ടേറെ അവ്യക്തതയും അപാകതകളുമുണ്ട്.

1. ഉൾനാടൻ മത്സ്യമേഖല എന്നതിന് ശരിയായ നിർവചനമില്ല.
2. 'ഫിൽട്രേഷൻ' എന്ന പദം പുനർനിർവ്വചിക്കേണ്ടതുണ്ട്. നിലവിൽ ഇത് എല്ലാവിധ മത്സ്യബന്ധനത്തേയും സൂചിപ്പിക്കുന്നു.
3. പരമ്പരാഗത മത്സ്യത്തൊഴിലാളി, മത്സ്യക്കൃഷിത്തൊഴിലാളി ചെറുകിട വിൽപ്പനക്കാർ എന്നിവയും നിർവ്വചനത്തിൽ ഉൾപ്പെടുത്തണം.
4. 'മത്സ്യം' എന്ന വിഭാഗത്തിൽ 'കക്കാ' വിഭാഗത്തിൽപ്പെട്ടവയെ ഉൾപ്പെടുത്തണം. നിലവിൽ ഷെൽ മത്സ്യം, ശംഖുകൾ എന്നാണ് പറഞ്ഞിട്ടുള്ളത്. അതിനുപകരം ചെമ്മീൻ, കക്ക, ശംഖുകൾ എന്നുപയോഗിച്ചാൽ വ്യക്തമാകും.
5. 'മത്സ്യസങ്കേതം' എന്നത് മത്സ്യങ്ങൾ സ്വാഭാവികമായ പരിതസ്ഥിതിയിൽ കൂട്ടമായി കാണപ്പെടുന്ന സ്ഥലം എന്നാണ് വ്യാഖ്യാനിക്കേണ്ടത്. ഇത്തരം സ്വാഭാവിക ആവാസ വ്യവസ്ഥകൾ കണ്ടെത്തി സംരക്ഷിക്കപ്പെടണം.
6. 'ഉറപ്പിച്ച ഗിയർ' എന്നതിന്റെ നിർവ്വചനം അവ്യക്തമാണ്. ഉൾനാടൻ മത്സ്യബന്ധനമേഖലയിൽ യന്ത്രവൽക്കൃത മത്സ്യബന്ധനമില്ല. ഊന്നുവല, ചീനവല തുടങ്ങിയവ അനിയന്ത്രിതമായ രീതിയിൽ ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ട് ഉറപ്പിച്ച ഗിയർ എന്താണെന്ന് വ്യക്തമായി പറയണം.
7. 'ആൾ' എന്ന വാക്കിന്റെ വ്യാഖ്യാനം പുന: പരിശോധിക്കണം.
8. 'നികത്തിയെടുക്കാവുന്ന പ്രദേശം' എന്ന വ്യാഖ്യാനം തെറ്റായ സന്ദേശമാണ് നൽകുന്നത്. ഇത് പൂർണ്ണമായും ഒഴിവാക്കണം.

9. 'സംസ്ഥാനം' എന്നതിന്റെ വ്യാഖ്യാനത്തിൽ ''തീരപ്രദേശത്തോടും ചേർന്നുള്ള'' എന്ന വാക്ക് ഒഴിവാക്കണം.

10. ഇതോടൊപ്പം വ്യാഖ്യാനിക്കപ്പെടേണ്ട പല വാക്കുകളും ഈ ബില്ലിൽ വിട്ടുപോയിട്ടുണ്ട്. ഉദാഹരണമായി ജലമലിനീകരണം, തണ്ണീർതടത്തിലെ മത്സ്യക്കൃഷി, ജലാശയങ്ങളിലെ നീരൊഴുക്ക്, ഹൗസ്ബോട്ട്, മാലിന്യങ്ങൾ, നഗരമാലിന്യങ്ങൾ, ജലാശയങ്ങളിൽ നിർമ്മിക്കുന്ന ബണ്ടുകൾ, ജലസ്രോതസ്സുകളുടെ സംവാഹക ശേഷി (Carrying Capacity) വിലയിരുത്തൽ, ജൈവസങ്കേതങ്ങൾ, മത്സ്യപ്രജനനം, ജീവിതചക്രസമീപനം, Engineered Sanctuary, മല്ലികക്ക എന്നിവയൊക്കെ നിയമവ്യവസ്ഥയിൽ ഫലപ്രദമായി ഉൾച്ചേർക്കേണ്ട ചില പദങ്ങളാണ്.

## അദ്ധ്യായം II

രണ്ടിലെ വികസനം, പ്രജനനം, സംരക്ഷണം മാനേജ്മെന്റ് വളരെ ശുഷ്ക്കരമാണ്.

1. 'പൊതുജലാശയങ്ങൾ' എന്നത് വ്യക്തമായി ലിസ്റ്റ് ചെയ്യണം. ഇവ കോണ്ടൂർ മാപ്പിംഗ് നടത്തി അതിർത്തികൾ നിശ്ചയിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിന് ബില്ലിൽ വ്യക്തതയുണ്ടാകണം.

2. ബി വിഭാഗത്തിൽ പറയുന്ന ഏറ്റവും കുറഞ്ഞ വലിപ്പത്തിലോ തൂക്കത്തിലോ ഉള്ള പ്രത്യേകതരം മത്സ്യം പിടിക്കുന്നതിനുള്ള നിരോധനത്തോടൊപ്പം 'മല്ലികക്ക' വാരുന്നത് പ്രത്യേകമായി നിരോധിക്കണം. മല്ലികക്ക വ്യാപകമായി നശിപ്പിക്കപ്പെടുന്നുണ്ട്. അതോടൊപ്പം തന്നെ അലങ്കാരമത്സ്യങ്ങളെയും തനത് മത്സ്യജാതികളെയും ജീവനോടെ പിടിച്ച് പുറം നാടുകളിലേക്ക് കടത്തിക്കൊണ്ടുപോകുന്ന വിപണന രീതിക്ക് തടയിടാനും ബില്ലിൽ ശക്തമായ വകുപ്പ് ഉൾച്ചേർക്കണം.

3. ജലാശയത്തിന്റെ പാരിസ്ഥിതിക അവസ്ഥയ്ക്ക് ഹാനികരമാകുന്ന പ്രവർത്തനങ്ങൾ നിരോധിക്കും എന്നു പറയുമ്പോൾ നിലവിലുള്ള പാരിസ്ഥിതിക അവസ്ഥ എന്താണെന്ന് കൃത്യമായി തിരിച്ചറിയാനും രേഖപ്പെടുത്താനുമുള്ള സംവിധാനങ്ങൾ കൂടി ബില്ലിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത്തരം സംരക്ഷണ പ്രവർത്തനങ്ങൾ പൂർണ്ണമായും ബില്ലിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത് ഖേദകരമാണ്.

4. 'സ്ഫോടക വസ്തുക്കളും നഞ്ചും' ഉപയോഗിക്കുന്ന കാര്യത്തിലെ നിയന്ത്രണം പൊതുജലാശയവുമായി അടുത്തുള്ള അക്വാകൾച്ചർ ഫാമുകൾക്കും ബാധകമാക്കിയില്ലെങ്കിൽ ഫലമില്ല.

## അദ്ധ്യായം III

1. രജിസ്ട്രേഷനും ലൈസൻസും നൽകൽ ഫലവത്തായി നടപ്പിലാക്കാൻ ഉദ്യോഗസ്ഥ കേന്ദ്രീകൃത സംവിധാനങ്ങൾ മാത്രം അവലംബിക്കാതെ പ്രാദേശിക പ്രാതിനിധ്യമുള്ളതും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതുമായ ക്രമീകരണങ്ങൾ ഉണ്ടാക്കണം. അപേക്ഷ രജിസ്റ്റർ ചെയ്യുക, ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്തുക എന്നിവയിൽ പ്രാദേശിക കമ്മറ്റികൾക്ക് അധികാരം നൽകുന്ന സംവിധാനങ്ങൾ ഉണ്ടാക്കാത്തപക്ഷം കേന്ദ്രീകൃത സംവിധാനത്തിന്റെ കെടുകാര്യസ്ഥതയും അഴിമതിയും സ്വജനപക്ഷപാതവും സുതാര്യതയില്ലായ്മയും കടന്നുകൂടി ഫലപ്രദമല്ലാതായി മാറും.

2. ഈ വിധത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിക്കുള്ളിൽ വരുന്ന ജലാശയങ്ങളിലെ ഉറപ്പിച്ച ഉരുക്കളുടെമേൽ കർശനമായ നിയന്ത്രണം കൊണ്ടുവരാവുന്നതാണ്.

## അദ്ധ്യായം IV

1. 'മത്സ്യസങ്കേതങ്ങൾ' എന്ന വിഭാഗം സമൂലം പുനർനിർവ്വചനം ചെയ്ത് തിരുത്തി എഴുതണം. സംരക്ഷിത മത്സ്യ സങ്കേതങ്ങളിൽ പ്രവേശിക്കുന്നതിനോ താമസിക്കുന്നതിനോ പിൻ തുടർച്ചാവകാശം നൽകുന്നതിനോ പാടുള്ളതല്ല. മത്സ്യ സങ്കേതത്തിലെ 'പൊതുവഴി' എന്ന സങ്കല്പം വികലമാണ്. അവിടെ സ്ഥാവരസ്വത്തിന് അവകാശമുള്ള ആൾ, ടൂറിസ്സം മുതലായ പ്രവർത്തികൾക്ക് അവസരമുണ്ടാക്കരുത്.

2. സ്വഭാവിക മത്സ്യ സങ്കേതങ്ങൾക്കൊപ്പം മനുഷ്യനിർമ്മിതമായി സൃഷ്ടിക്കാവുന്ന

   Engineered Sanctuary കളും മത്സ്യസമ്പത്തിന്റെ വർദ്ധനയ്ക്കായി ഉചിതമായ സ്ഥലങ്ങളിൽ ശാസ്ത്രീയമായി നിർമ്മിച്ച് സംരക്ഷിക്കാം. പക്ഷേ ഇവയെല്ലാം തന്നെ പൂർണ്ണമായും നിയന്ത്രിതമേഖലകളായിരിക്കണം. ഗവേഷണ സംബന്ധമായി മാത്രമേ പ്രവേശനം നൽകാവു.

2. മത്സ്യസങ്കേതത്തിന്റെ പരിപാലനവും മാനേജ്മെന്റും തദ്ദേശഭരണവകുപ്പിനും, പ്രാദേശിക മത്സ്യത്തൊഴിലാളികൾക്കും പ്രാതിനിധ്യമുള്ള ജനകീയ കമ്മറ്റികൾക്ക് ഏൽപ്പിച്ചുകൊടുക്കണം. ഉദ്യോഗസ്ഥന് ഇതിന്റെ പ്രവർത്തനം സുഗമാമാക്കാനുള്ള മേൽനോട്ട ചുമതലയും സാങ്കേതിക ഉപദേശവും നൽകാൻ അവസരം ഉണ്ടായാൽ മതി.

3. നിമയപരമായ ഇതര ഇടപെടലുകൾ ചട്ടപ്രകാരം ക്രമീകരിക്കാവുന്നതുമാണ്.

# അദ്ധ്യായം V

1. അക്വാ കൾച്ചർ വിഭാഗത്തിലെ ഏറ്റവും വലിയ ഊന്നൽ വിദേശമത്സ്യജാതികളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യില്ല എന്നതാവണം.
2. മത്സ്യവിത്തുകളുടെ പരിശോധന, സാക്ഷ്യപ്പെടുത്തൽ എന്നിവയിൽ ഇത് ശക്തമായി ഉൾച്ചേർക്കണം.

## <u>മറ്റ് പ്രധാന ശുപാർശകൾ</u>

1. ബില്ലിലെ ധനകാര്യ മെമ്മോറാണ്ടം തീർത്തും അവ്യക്തമാണ്.
2. തണ്ണീർതടാകങ്ങളുടെ സംരക്ഷണത്തിനുവേണ്ടി തയ്യാറാക്കുന്ന ബില്ലും CR2 ബില്ലും ഈ നിയമത്തിൽ എപ്രകാരം സമന്വയിപ്പിക്കുന്നു എന്ന് വിശകലനം ചെയ്ത് ആവശ്യമായ സംയോജനങ്ങൾ ഉണ്ടാക്കണം.
3. ജലാശങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ടുള്ള സംവിധാനങ്ങൾ ഉണ്ടാക്കിയാൽ മാത്രമേ ഈ ബിൽ ഫലപ്രദമായി നടപ്പാക്കാനാവൂ. സംസ്ഥാന /ജില്ല/പ്രാദേശിക തലങ്ങളിൽ സംയോജന സമിതികൾ ഉണ്ടാകണം.
3. ജലത്തിന്റെ നീരൊഴുക്ക് ഉറപ്പാക്കൽ, സംവാഹകശേഷി വിലയിരുത്തൽ, മലിനീകരണ നിയന്ത്രണം എന്നിവ ബില്ലിൽ ഉചിതമായി ഉൾപ്പെടുത്തേണ്ടതുണ്ട്.
4. പ്രാദേശികപങ്കാളിത്തം, വിശേഷിച്ചും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്താനുള്ള യാതൊന്നും ബില്ലിൽ ഇല്ല. ഉദ്യോഗസ്ഥ കേന്ദ്രീക,ത സംവിധാനങ്ങളും നിയന്ത്രണങ്ങളും (Policing) ആണ് ഈ ബില്ലിന്റെ കാതൽ.
5. കേരളത്തിലെ അന്താരാഷ്ട്ര പ്രാധാന്യമർഹിക്കുന്ന രാംസാർ തണ്ണീർതടങ്ങളായ അഷ്ടമുടി, വേമ്പനാട്, ശാസ്താംകോട്ട എന്നീ ജലാശയങ്ങളെ സംബന്ധിച്ചും അവയിലെ മത്സ്യസമ്പത്തിന്റെ പരിപാലനത്തെ സംബന്ധിച്ചും യാതൊന്നും ബില്ലിൽ പരാമർശിച്ചിട്ടില്ല എന്നത് ഒരു പോരായ്മയാണ്.
6. സംസ്ഥാനത്ത് മത്സ്യമേഖലയിൽ നിലവിലുള്ള നിയമങ്ങളെ ഏകീകരിക്കുന്ന നിയമം എന്ന നിലയിൽ ഈ ബിൽ സ്വാഗതാർഹമായ ഒരു സംരംഭവാണെങ്കിലും മേൽ വിവരിച്ച ഒട്ടേറെ പോരായ്മകൾ ഉള്ളതിനാൽ കൂടുതൽ വിശദപരിശോധനകൾക്കും പൊതുജനാഭിപ്രായങ്ങൾക്കും വിധേയമാക്കി ഈ ബിൽ സമൂലം പൊളിച്ചെഴുതി കുറ്റമറ്റതാക്കേണ്ടതുണ്ട്.